LIBRARY ARCHIVES Kerala Legislative Assembly

അന്തർദേശീയ നീന്തൽകുളത്തിന്റെ നിർമ്മാണം

117 [3403] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിരപ്പൻകോട് അന്തർദേശീയ നീന്തൽക്കുളത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നീന്തൽകുളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പകുതിയിലധികം പണി പൂർത്തിയായ ഈ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പണി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നുണ്ട്.

നെട്ടുകാൽത്തേരിയിലെ ദേശീയ സ്പോർട്സ് കോംപ്ലക്സ്

118 [3404] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സ്പോർട്സ് മന്ത്രാലയത്തിന്റെ ചുമതലയിൽ ഒരു ദേശീയ സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കാൻ തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരിയെ കേന്ദ്ര സ്പോർട്സ് മന്ത്രാലയം തെരഞ്ഞെടുത്തിട്ടുള്ള വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ ക്ലിനിക്ക്

119 [3405] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ ക്ലിനിക്കിന്റെ നിലവിലുള്ള അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന് വേണ്ടി സർക്കാർ ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കായികതാരങ്ങൾക്കാവശ്യമായ ഏതെല്ലാം സജ്ജീകരണങ്ങളാണ് ഈ സ്ഥാപനത്തിൽ ഒരുക്കിയിട്ടുള്ളത്;

(ഡി) ഇവിടെ പരിക്കേൽക്കുന്നവർക്കായി ചികിത്സ ലഭ്യമാക്കാൻ എത്ര ഡോക്ടർമാരുടെ സേവനമാണ് ഉപയോഗപ്പെടുത്തിവരുന്നത്;

(ഇ) പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ രാജീവ്ഗാന്ധി സ്പോർട്ട്സ് മെഡിസിൻ ക്ലിനിക് ഇപ്പോൾ നിലവിലില്ല.

(ബി) ക്ലിനിക്കിന് ആവശ്യമായ സജ്ജീകരണം നടത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 25,000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

(സി) താഴെപ്പറയുന്ന 3 ഉപകരണങ്ങൾ ഈ ക്ലിനിക്കിന് നൽകിയിട്ടുണ്ട്:

1. അൾട്രാ സോണിക് തെറാപ്പി യൂണിറ്റ്-1
2. ഇലക്ട്രിക് മസിൽ സ്റ്റിമുലേറ്റർ-1
3. ടെൻസ് (ട്രാൻസിറ്റേനിയസ് ഇലക്ട്രിക്കൽ നെർവ് സ്റ്റിമുലേഷൻ) യൂണിറ്റ്-1

(ഡി, ഇ) (എ) യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

3295, 3382 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly